"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ശുചിത്വ മിഷനിൽ വിവിധ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1334/2023/LSGD തീയതി,തിരുവനന്തപുരം, 27-06-2023

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം. 28/2016/ധന തീയതി 28/02/2016.
2. സ.ഉ.(അച്ചടി) നം. 56/2017/ധന തീയതി 28/04/2017.
3. സ.ഉ.(അച്ചടി) നം. 112/2018/ധന തീയതി 21/07/2018.
4. സ.ഉ.(അച്ചടി) നം. 81/2019/ധന തീയതി 9/7/2019.
5. സ.ഉ.(അച്ചടി) നം. 29/2021/ധന തീയതി 11/02/2021.
6. സ.ഉ.(സാധാ) നം. 2123/2021/തസ്വഭവ തീയതി 28/10/2021.
7. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25/05/2022ലെ 2925/ബി/2019/എസ്.എം. നമ്പർ കത്ത്.
8. സ.ഉ.(സാധാ) നം. 1161/2023/തസ്വഭവ തീയതി 03/06/2023.

**ഉത്തരവ്**

ശുചിത്വ മിഷനിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കണമെന്ന് പരാമർശം (7) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പരാമർശം (8) ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാർ ഉൾപ്പെടെ പരാമർശം (7) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കിയിരുന്ന പ്രൊപ്പോസലിലെ ക്രമ നം. 17 വരെയുള്ള കരാർ ജീവനക്കാരുടെ കരാർ കാലാവധി പുതുക്കി നൽകേണ്ട തീയതി മുതൽ ഒരു വർഷത്തേക്ക് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് ദീർഘിപ്പിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

1. കരാർ ജീവനക്കാരുടെ കരാർ കാലാവധി തീരുന്ന മുറയ്ക്ക്, കരാർ നിയമനം ആവശ്യമാണെങ്കിൽ, പുതിയ ആൾക്കാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
2. പരാമർശം 1 മുതൽ 5 വരെയുള്ള സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.
3. ഭാവിയിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള യാതൊരുവിധ അവകാശവും കരാർ ജീവനക്കാർക്ക് ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതും സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം ഉന്നയിക്കുകയില്ല എന്ന സത്യവാങ്മൂലം ബന്ധപ്പെട്ട

വ്യക്തികളിൽ നിന്നും വാങ്ങേണ്ടതാണ്.

3) മേൽ നിർദ്ദേശങ്ങൾ പാലിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ബന്ധപ്പെട്ട വ്യക്തികൾക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (2141456/ഡെവ-1/140/2022-ധന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/86/2022/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 30-06-2023 11:04:31